ഓൺലൈനായി ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ

142(1208) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓൺലൈൻ സംവിധാനംവഴി റവന്യൂ വകുപ്പിൽനിന്നും 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത് കൂടാതെ റവന്യൂ-സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തിയിട്ടുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu System) സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്.

(ബി) റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക് ഉടങ്ങിയ വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. സർക്കാരിനും പൊതുജനത്തിനും ഒരുപോലെ ഉപകാരപ്രദമായ ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും സർക്കാരിലേയ്ക്ക് പിരിഞ്ഞ് കിട്ടേണ്ട ഭൂനികുതി , ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനംവഴി അടയ്ക്കുവാൻ സാധിക്കുക. എങ്കിലും സമീപഭാവിയിൽത്തന്നെ വില്ലേജ് ഓഫീസിലേക്ക് പിരിഞ്ഞ് കിട്ടേണ്ട മറ്റ് നികുതികളും ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ, വില്ലേജ് ഓഫീസിൽ നിന്നും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതായ വിവിധ റിപ്പോർട്ടുകൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ലഭ്യമാക്കാമെന്ന കാരണത്താൽ വില്ലേജ് ഓഫീസുകളിലെ ജോലിഭാരവും ഒരു പരിധിവരെ ഈ സംവിധാനത്തിലൂടെ കുറയ്ക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വില്ലേജ് ഓഫീസിലേക്ക് അടയ്ക്കേണ്ട/പിരിഞ്ഞ് കിട്ടേണ്ട നികുതികളും മറ്റ് തുകകളും സ്വഗൃഹത്തിലിരുന്നതന്നെ കമ്പ്യൂട്ടറിന്റെയോ സ്മാർട്ട് ഫോണിന്റെയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണ് ഇത്. ഇതിലേക്കായി നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് മറ്റ് ചെലവുകളില്ലാതെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിക്കാവശ്യമായ സോഫ്റ്റ്വെയറായ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രണ്ടാം പതിപ്പ് (ReLIS ver 2.0) വികസിപ്പിച്ചെടുത്തിട്ടുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ഭൂനികുതിഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും വികസിപ്പിച്ചെടുക്കുന്നത്. ആയത് അന്ത്യഘട്ടത്തിലുമാണ്. ഈ സോഫ്റ്റ്വെയർ സംവിധാനം പൂർണ്ണമായും ഉപയോഗക്ഷമമാകുന്നതോടുകൂടി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും നിലവിൽ വരുന്നതാണ്.

കുന്നംകുളം മിനി സിവിൽ സ്റ്റേഷൻ

143(1209) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുന്നംകുളം മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിലെ കോൺഫറൻസ് ഹാളിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ട് ഫാൻ, മൈക്ക് എന്നിവ പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ വിവിധ വകുപ്പുകളുടെ പ്രതിമാസ കോൺഫറൻസുകൾ നടത്താൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിസിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ട് വർഷം 5 കഴിഞ്ഞു എന്നതു കണക്കിലെടുത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ജില്ല താലൂക്ക് റവന്യൂ അധികാരികൾക്ക് കർശന നിർദ്ദേശം നൽകുമോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പേരിലുള്ള വൈദ്യുതി കണക്ഷനായിരുന്ന മുൻകാലങ്ങളിൽ പ്രസ്തുത കോൺഫറൻസ് ഹാളിന് ഉണ്ടായിരുന്നത്. വൈദ്യുതി ബിൽ കുടിശ്ശികയായതിനെ തുടർന്ന് പ്രസ്തുത കണക്ഷൻ ഇലക്ട്രിസിറ്റി ബോർഡ് വിച്ഛേദിച്ചിരുന്നു. ആയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റേറ്റ് ഓഫീസറായ തലപ്പിള്ളി തഹസിൽദാർക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും തഹസിൽദാർ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly